## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3323 — 21.12.2012-ൽ മറുപടിക്ക്

### മൊബൈൽ ഇൻസിനറേറ്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | നഗരങ്ങളിലെ ഗുരുതമായ മാലിന്യ പ്രശ്നം താത്കാലികമായി പരിഹരിക്കാൻ കഴിയുന്ന, മൊബൈൽ ഇൻസിനറേറ്റർ കൂടുതലായി വാങ്ങി നഗരസഭകൾക്ക് നല്കുവാൻ തയ്യാറാകുമോ; | എ) | തിരുവനന്തപുരം നഗരത്തിലെ മാലിന്യം സംസ്കരിക്കുന്നതിന് നിലവിലുണ്ടായിരുന്ന മാലിന്യ സംസ്കരണ പ്ലാന്റ് പൊതുജനങ്ങളുടെ എതിർപ്പ് കണക്കിലെടുത്തുകൊണ്ട് പ്രവർത്തനം നിർത്തിവെച്ച സാഹചര്യത്തിൽ അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിലേക്കായിട്ടാണ് 0.5-1 tonne per hour ശേഷിയുള്ള ഇൻസിനറേറ്റർ വാങ്ങിയത്. ഇത്തരത്തിലുള്ള കൂടുതൽ ഇൻസിനറേറ്ററുകൾ വാങ്ങുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |
| ബി) | സംസ്ഥാന ശുചിത്വമിഷൻ ഗുജറാത്തിൽ നിന്നും വാങ്ങിയ മൊബൈൽ ഇൻസിനറേറ്ററിന്റെ വില എത്രയാണ്; കപ്പാസിറ്റി എത്ര ; പ്രവർത്തന ചെലവ് എത്ര; പ്രതിദിനം എത്ര ടൺ മാലിന്യം ചാരമാക്കി മാറ്റാൻ സാധിക്കും ; | ബി) | സർക്കാർ ചുമതലപ്പെടുത്തിയതു പ്രകാരം പൊതുമേഖലാ സ്ഥാപനമായ സിഡ്കോ ചിന്തൻ സെയിൽസ് എന്ന കമ്പനി വഴി വാങ്ങിയ ഇൻസിനറേറ്ററിന് 2.19 കോടി രൂപയാണ് വില. ആയതിന്റെ ട്രയൽ റൺ ഇപ്പോൾ നടന്ന് വരികയാണ്. ട്രയൽ റൺ പൂർത്തി ആയെങ്കിൽ മാത്രമേ ടി പ്ലാന്റിന്റെ കപ്പാസിറ്റി, പ്രവർത്തനചെലവ്, സംസ്ക്കരിക്കാൻ പറ്റുന്ന മാലിന്യത്തിന്റെ അളവ് എന്നിവ കൃത്യമായി അറിയാൻ സാധിക്കുകയുള്ളൂ. പ്രതിദിനം 8 ടണ്ണോളം മാലിന്യമാണ് സംസ്കരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| സി) | ലോകത്ത് എറ്റവും മെച്ചപ്പെട്ട സാങ്കേതിക വിദ്യയോട് കൂടിയതും നമ്മുടെ നഗരങ്ങൾക്കനുയോജ്യമായതുമായ മൊബൈൽ ഇൻസിനറേറ്റർ ഏതാണെന്ന് ശുചിത്വമിഷൻ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | സി) | അത്തരത്തിലുള്ള ഒരു പരിശോധന നാളിതുവരെയും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ